സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സർക്കാരിലെ ക്രമം പെൻഷൻ പദ്ധതി (പങ്കാളിത്ത പെൻഷൻ) 01-04-2016 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-I** നന്തൻകോട്, **22/06/2016**

---

പരാമർശം :- 1) 08-08-2012 ലെ G.O.(P) 441/12/Fin നമ്പർ ഉത്തരവ്.
2) 21-07-2015 ലെ മേൽ നമ്പർ റിപ്പോർട്ട്.
3) ദേവസ്വം കമ്മീഷണറുടെ 31-03-2016 ലെ ROC 2/10/P&SGRC നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

01-4-2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് പരാമർശം 1 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പുതിയ പെൻഷൻ പദ്ധതി (പങ്കാളിത്ത പെൻഷൻ) നടപ്പിലാക്കി. പ്രസ്തുത സ്കീം ദേവസ്വം ബോർഡിലും നടപ്പിലാക്കുന്നത് സംബന്ധിച്ച് ദേവസ്വം കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചു (പരാമർശം -2). പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം സൂചന 3 ആയി ലഭിച്ച റിപ്പോർട്ട് പരിഗണിച്ച് ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

(1) നാഷണൽ പെൻഷൻ പദ്ധതിയുടെ അതേ മാതൃകയിൽ ഒരു പങ്കാളിത്ത പെൻഷൻ പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർ ഒഴികെ 01-04-2016 മുതൽ സർവ്വീസിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും ബാധകമാക്കി നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചു.

(2) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ രൂപീകരണത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച് ബോർഡ് ജീവനക്കാർക്ക് ബോർഡിന്റെ തനതായതും എന്നാൽ പങ്കാളിത്ത പെൻഷന് സമാനമായതുമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചു.

(3) 01-04-2016 മുതൽ ബോർഡിന്റെ സർവ്വീസിൽ പ്രവേശിച്ച/പ്രവേശിക്കുന്ന കാരാണ്മ ഒഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ഉൾപ്പെടുന്ന തുകയുടെ 10 % തുക പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ച് പ്രസ്തുത തുക ഒരു കോർപ്പറേറ്റ് ഫണ്ടായി രൂപീകരിക്കുന്നതിനും അത് സ്റ്റേറ്റ് ബാങ്ക് പോലുള്ള നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിച്ച് ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക ഉന്നമനം ലഭിക്കത്തക്ക വിധത്തിലുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനും അതിൽനിന്നും ലഭിക്കുന്ന വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പദ്ധതി രൂപപ്പെടുത്താനും തീരുമാനിച്ചു.

(4) നാഷണൽ പെൻഷൻ പദ്ധതിയുടെ മാതൃകയിൽ പെൻഷൻ പദ്ധതി നടപ്പാക്കുമ്പോൾ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതവും ഉദ്യോഗദാതാവിന്റെ വിഹിതവും ചേർത്ത് വരുന്ന തുക കോർപ്പസ് ഫണ്ടായി രൂപീകരിച്ച് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

EDP Section

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ – നടപടിയ്ക്കായി
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ – നടപടിയ്ക്കായി
3. All Heads of Offices
4. EDP Section
5. പെൻഷൻ സെക്ഷൻ, ബോർഡാഫീസ്.
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

**SK**